SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

## സാമൂഹ്യ നീതി വകുപ്പ്

# വയോസേവന അവാർഡ് 2022

## ശ്രീ. പി. ജയചന്ദ്രൻ

**പ്രശസ്ത ഗായകൻ**



**ആജീവനാന്ത നേട്ടം**

എറണാകുളം ജില്ലയിലെ രവിപുരത്ത് ഭദ്രാലയത്തിൽ ജനനം. ഇരിങ്ങാലക്കുടയിലെ ക്രൈസ്റ്റ് കോളേജിൽ നിന്ന് ബിരുദം നേടി. ഇരിങ്ങാലക്കുടയിലെ നാഷണൽ ഹൈസ്കൂളിലെ ഒരു വിദ്യാർത്ഥിയായിരുന്ന കാലത്ത് സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ മൃദംഗ വായന, ലൈറ്റ് മ്യൂസിക് എന്നിവയിൽ നിരവധി സമ്മാനങ്ങൾ നേടിയിരുന്നു. മികച്ച പിന്നണി ഗായകനുള്ള ദേശീയ പുരസ്കാരം നേടിയ അദ്ദേഹത്തിന് അഞ്ചുതവണ മികച്ച പിന്നണി ഗായകനുള്ള കേരള സംസ്ഥാന അവാർഡുകളും നാലു തവണ തമിഴ്നാട് സംസ്ഥാന അവാർഡുകളും ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗാനങ്ങൾ മലയാളം, തമിഴ്, കന്നഡ, തെലുങ്ക്, ഹിന്ദി ഭാഷകളിൽ റെക്കോർഡ് ചെയ്യപ്പെട്ടിരിക്കുന്നു. മലയാള സിനിമയിലെ സമഗ്ര സംഭാവനയ്ക്കുള്ള 2020-ലെ ജെ.സി ഡാനിയേൽ അവാർഡ് നൽകി കേരള സർക്കാർ അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

കേരള സർക്കാർ

## സാമൂഹ്യ നീതി വകുപ്പ്

SOCIAL JUSTICE DEPARTMENT
care, protection & empowerment

# വയോസേവന അവാർഡ് 2022

**പ്രശസ്ത എഴുത്തുകാരി**



**ആജീവനാന്ത നേട്ടം**

## ഡോ. എം. ലീലാവതി

തൃശ്ശൂർ ജില്ലയിൽ ക്ഷേത്രനഗരമായ ഗുരുവായൂരിനടുത്തുള്ള കോട്ടപ്പടിയിൽ ജനനം. കുന്നംകുളം ഹൈസ്കൂൾ, എറണാകുളം മഹാരാജാസ് കോളേജ്, മദ്രാസ് സർവകലാശാല, കേരള സർവ്വകലാശാല എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തിയാക്കി. 1949 മുതൽ സെന്റ് മേരീസ് കോളേജ് തൃശൂർ, സ്റ്റെല്ല മേരീസ് കോളേജ് ചെന്നൈ, പാലക്കാട് ഗവ. വിക്ടോറിയ കോളേജ്, മഹാരാജാസ് കോളജ്, തലശ്ശേരി ബ്രണ്ണൻകോളേജ് മുതലായ വിവിധ കലാലയങ്ങളിൽ അദ്ധ്യാപികയായി പ്രവർത്തിച്ചു. തലശ്ശേരി ബ്രണ്ണൻ കോളേജിൽ നിന്ന് 1983-ൽ വിരമിച്ചു. കോഴിക്കോട് സർവകലാശാലയിൽ വിസിറ്റിങ്ങ് പ്രൊഫസറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സാഹിത്യനിരൂപക, എഴുത്തുകാരി, പ്രഭാഷക, അദ്ധ്യാപിക എന്നീ നിലകളിൽ പ്രശസ്തയായ മുണ്ടനാട്ട് ലീലാവതി എന്ന ഡോ.എം. ലീലാവതി മലയാളസാഹിത്യത്തിലെ സജീവസാന്നിധ്യമാണ്. 2008-ലെ പത്മശ്രീ പുരസ്കാരമടക്കം നിരവധി ബഹുമതികൾ ശ്രീമതി. ലീലാവതിക്ക് ലഭിച്ചിട്ടുണ്ട്.

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

സാമൂഹ്യ നീതി വകുപ്പ്

# വയോസേവന അവാർഡ് 2022

## ശ്രീ. പി.എസ് ജോൺ, കോട്ടയം



### മികച്ച കായികതാരം

കോട്ടയം കാഞ്ഞിരപ്പള്ളി പാറത്തോട് എന്ന സ്ഥലത്ത് ജനനം. ഗ്രേസ് മെമ്മോറിയൽ ഹൈ സ്കൂളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിരുന്നു. ലോങ്ങ് ഹർഡിൽസ്, ഷോർട്ട് ഹർഡിൽസ്, ലോങ്ങ് ജംമ്പ് എന്നീ കായിക ഇനങ്ങളിൽ പങ്കെടുത്തിരുന്ന ഇദ്ദേഹം 2010-ൽ  കോലാലംപ്പൂരിൽ നടന്ന ഏഷ്യൻ മാസ്റ്റേഴ്സ് അതലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഹർഡിൽസിൽ പുതിയ റെക്കോർഡും കരസ്ഥമാക്കിയിട്ടുണ്ട്. 2019-ലെ കായിക ദിനത്തിൽ സ്പോട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ നടന്ന ഫിറ്റ് ഇന്ത്യ മൂവ്മെന്റ് എന്ന പരിപാടിയിൽ ഇദ്ദേഹത്തെ സ്പോട്സ് ഐക്കണായി തിരഞ്ഞെടുത്തു. 92-ാം വയസ്സിലും സ്പോട്സിൽ മറ്റുള്ളവർക്ക് അറിവ് പകർന്ന് നൽകുകയും നേട്ടങ്ങൾ കൈവരിക്കുകയും ചെയ്ത് വയോജനങ്ങൾക്കുൾപ്പടെ പ്രചോദനമാകുന്നതിന് ഇദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിൽ ഹാർഡിൽസ്, ലോങ്ങ് ജംമ്പ് എന്നീ തലങ്ങളിൽ 9 സ്വർണ്ണം, 3 വെങ്കലം, ഒരു നാലാം സ്ഥാനം എന്നിവ ഉൾപ്പെടെ 13 മെഡലുകളും സംസ്ഥാന തലത്തിൽ 70 മെഡലുകളും ദേശീയ തലത്തിൽ 21 മെഡലുകളും കരസ്ഥമാക്കിയിട്ടുണ്ട്.

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

സാമൂഹ്യ നീതി വകുപ്പ്

# വയോസേവന അവാർഡ് 2022

## ശ്രീ. പി.ഇ സുകുമാരൻ, എറണാകുളം



### മികച്ച കായികതാരം

എറണാകുളം ജില്ലയിലെ കോടനാടിൽ ജനനം. 100m, 200m, 4 x100 റിലെ മത്സരങ്ങളിൽ അന്തർദേശീയ, ദേശീയ, സംസ്ഥാനതലത്തിൽ  അഭിമാനാർഹമായ നേട്ടങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. 2010 മുതൽ 2019 വരെ 100m, 200m, 4 x100 റിലേ മത്സരങ്ങളിൽ സ്വർണ്ണ മെഡലും, 2022 വർഷത്തിൽ 100, 200 ഹീറ്റ്സിൽ സംസ്ഥാന ജേതാവുമാണ് ഇദ്ദേഹം.  നിരന്തരമായ പരിശീലനത്തിലൂടെ റെക്കാർഡ് നിലയിൽ വ്യക്തിമുദ്ര പതിപ്പിച്ച് തന്റെ 79-ാം വയസ്സിലും ഊർജ്ജസ്വലനായി തിളങ്ങുന്നതിനൊപ്പം കാഞ്ഞൂർ ഫുട്ബോൾ അക്കാദമിയിൽ അത്ലറ്റിക്സിന്റെയും ഫുട്ബോളിന്റെയും മുഖ്യ പരിശീലകനായും സേവനമനുഷ്ഠിച്ചു വരുന്നു. വിദ്യാർഥികൾക്കിടയിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും കൂട്ടയോട്ടം പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

## സാമൂഹ്യ നീതി വകുപ്പ്

നാടകം



# വയോസേവന അവാർഡ് 2022

## ശ്രീ. അമ്മത് ചെറ്റയിൽ

**സാമൂഹിക, സാംസ്കാരിക, കലാരംഗത്തെ മികവിനുള്ള അംഗീകാരം**

മുഹമ്മദ് പേരാമ്പ്ര എന്ന ശ്രീ. അമ്മത് ചെറ്റയിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര സ്വദേശിയാണ്. ബസ് തൊഴിലാളിയായി ജീവിതമാരംഭിച്ച ഇദ്ദേഹം തന്റെ അഞ്ചാം വയസ്സ് മുതൽ അഭിനയ സപര്യ ആരംഭിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി അണിയറ തീയറ്ററിന്റെ നാടകത്തിൽ അഭിനേതാവായിരുന്നപ്പോൾ ബെസ്റ്റ് നാടകനടനുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്.കാവാലം നാരായണപണിക്കർ സ്മാരക അവാർഡ്, ബാലൻ കെ നായർ സ്മാരക അവാർഡ്, ഇ.എം.എസ് സ്മാരക അവാർഡ്, എസ്.പി. പിള്ള സ്മാരക പുരസ്കാരം, ചെന്നൈ അസ്ഥാനമായിട്ടുള്ള അമ്മ എന്ന സംഘടനയുടെ 2016 ലെ ബെസ്റ്റ് ആക്ടർ അവാർഡ് എന്നിങ്ങനെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. തകര, ചെണ്ട, കഥ പറയുമ്പോൾ, പത്തേമാരി, കുഞ്ഞനന്തന്റെ കട, ഉട്ട്യോപ്യയിലെ രാജാവ്, ഉൾട്ട, സൈഗാൾ പാടുന്നു, ജഗള തുടങ്ങിയ സിനിമകളിൽ അഭിനയം കാഴ്ച വെച്ചിട്ടുണ്ട്. ആകാശവാണി ബീ ഗ്രേഡ് ആർട്ടിസ്റ്റാണിദ്ദേഹം.

കേരള സർക്കാർ

സാമൂഹ്യ നീതി വകുപ്പ്

SOCIAL JUSTICE DEPARTMENT
care, protection & empowerment

GOVERNMENT OF KERALA
सत्यमेव जयते

# വയോസേവന അവാർഡ് 2022

**ചിത്രകല, ശിൽപ്പകല**



**സാമൂഹിക, സാംസ്കാരിക, കലാരംഗത്തെ മികവിനുള്ള അംഗീകാരം**

## ശ്രീ. പി.എസ്. പുഞ്ചിത്തായ

ദക്ഷിണ ഭാരതത്തിലെ പ്രശസ്തനായ ജലഛായ ചിത്രകാരൻ. മൈസൂർ ചാമരാജ ഫൈൻ ആർട്ട്സിൽ നിന്നും BFA ബിരുദധാരിയാണ്. പഠന കാലത്ത് തന്നെ മുംബൈ ജഹാംഗിർ ആർട്ട് ഗാലറിയിൽ ചിത്ര പ്രദർശനം നടത്തിയിട്ടുണ്ട്. തുടർന്ന് മുംബൈ ജെ.ജെ സ്കൂൾ ഓഫ് ആർട്ട്സിൽ നിന്നും ഉന്നത പഠനം പൂർത്തിയാക്കിയതോടൊപ്പം ഇന്ത്യക്ക് അകത്തും പുറത്തുമായി ഏകാംഗ പ്രദർശനം നടത്തിയിട്ടുണ്ട്. കേന്ദ്ര, കേരള, കർണ്ണാടക ലളിത കലാ അക്കാദമി, ജവഹർലാൽ സെന്റനറി ആർട്ടിസ്റ്റ് ക്യാമ്പ് ബാംഗ്ലൂർ എന്നിവിടങ്ങളിൽ നടത്തിയ നാഷണൽ ലെവൽ ആർട്ടിസ്റ്റ് ക്യാമ്പിൽ പങ്കെടുത്തു. അറിയപ്പെടുന്ന ഫ്രീലാൻസ് ആർട്ടിസ്റ്റ് കൂടിയാണിദ്ദേഹം. ജലഛായം മാധ്യമമാക്കിയാണ് കൂടുതൽ ചിത്രങ്ങളും ഇദ്ദേഹം വരച്ചിരുന്നത്. കാറഡുക്കയിൽ കാഞ്ചൻ ഗംഗ കലാഗ്രാമം സ്ഥാപിച്ചു. കേരള ലളിതകലാ പുരസ്കാരം, കർണ്ണാടക ലളിതകലാ അക്കാദമിയുടെ സീനിയർ ആർട്ടിസ്റ്റിനുള്ള പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

# വയോസേവന അവാർഡ് 2022

## ശ്രീ. പകാൻ

പൊറാട്ടു നാടകം



**സാമൂഹിക, സാംസ്കാരിക, കലാരംഗത്തെ മികവിനുള്ള അംഗീകാരം**

പാലക്കാട് ജില്ലയിലെ പല്ലശ്ശന പഞ്ചായത്തിൽ ജനനം. പാലക്കാട് ജില്ലയിലെ കിഴക്കൻ മേഖലകളിൽ സജീവമായി കണ്ടു വരുന്നതും അന്യം നിന്നുകൊണ്ടിരിക്കുന്നതുമായ പൊറാട്ടു നാടകം എന്ന കലാരൂപത്തെ പുതിയ തലമുറയ്ക്ക് പകർന്ന് നൽകുന്നതിനും സജീവമായി നിലനിർത്തുന്നതിനും നിസ്തുലമായ സേവനമാണ് ഇദ്ദേഹം നടത്തിയിട്ടുള്ളത്. പരമ്പരാഗത കലാകാരൻ എന്ന നിലയിൽ വിവിധ സംഘടനകളിൽ നിന്ന് അദ്ദേഹത്തിന് നിരവധി അഭിനന്ദനങ്ങൾ ലഭിച്ചിട്ടുണ്ട്. 50 വർഷമായി പൊറാട്ട് നാടക രംഗത്ത് സജീവമായി നിൽക്കുന്നു. നിരവധി ഓഡിയോ കാസറ്റുകൾ സംവിധാനം ചെയ്തു. കോവിഡ് മഹാമാരിയിലും പ്രളയത്തിലും പൊറാട്ടു നാടകം അവതരിപ്പിച്ച് കിട്ടിയ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കൈമാറിരുന്നു.

SOCIAL JUSTICE DEPARTMENT
care, protection & empowerment

## കേരള സർക്കാർ
## സാമൂഹ്യ നീതി വകുപ്പ്

**സാമൂഹിക സേവനം**



**പ്രത്യേക പരാമർശം**

# വയോസേവന അവാർഡ് 2022

## ശ്രീ. സി.വി പൗലോസ്

തൃശ്ശൂർ ജില്ലയിൽ താഴെക്കാട് സ്വദേശി. ഇദ്ദേഹം നിരവധി പേർക്ക് കാഴ്ച ശക്തി കിട്ടുവാൻ നേത്രദാന രംഗത്ത് സജീവ പ്രവർത്തനം കാഴ്ച്ചവെച്ച് വരുന്നു. 1960-ൽ വിൻസെന്റ് ഡി. പോൾ എന്ന സംഘടന നടത്തിയ നേത്ര ചികിത്സ ക്യാമ്പിൽ സംഘാംഗമായിരുന്ന ശ്രീ. പൗലോസ് പ്രചോദനമുൾക്കൊണ്ട് നേത്രദാന രംഗത്തേക്ക് സജീവ പ്രവർത്തകനാകുകയായിരുന്നു. അങ്കമാലി ലിറ്റിൽ ഫ്ലവർ, തൃശ്ശൂർ മെഡിക്കൽ കോളേജ്, മിഷൻ മെഡിക്കൽ കോളേജ് എന്നീ സ്ഥാപനങ്ങളിലേയ്ക്കാണ് നേത്ര ദാനം ചെയ്യുന്നത്. നേത്ര ദാന രംഗത്തെ പ്രവർത്തനങ്ങൾക്ക് ലിറ്റിൽ ഫ്ലവർ ഐ ബാങ്ക് അസോസിയേഷൻ, പഞ്ചായത്ത്, പള്ളികളിലെ ഇടവകകൾ എന്നിവടങ്ങളിൽ നിന്നും നിരവധി പുരസ്കാരങ്ങൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

# വയോസേവന അവാർഡ് 2022

## കണ്ണൂർ ജില്ലാ പഞ്ചായത്ത്

**മികച്ച ജില്ലാ പഞ്ചായത്ത്**

വയോജന ക്ഷേമത്തിനായി നിരവധി പ്രവർത്തനങ്ങൾ കാഴ്ച വെച്ചിട്ടുണ്ട്. കോവിഡ് മഹാമാരി കാലഘട്ടങ്ങളിൽ വയോജനങ്ങൾക്കുൾപ്പടെ ആശ്വാസമാവുന്നതിനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് കണ്ണൂർ ജില്ലാ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. കോവിഡ് വാക്സിന്റെ ദൗർലഭ്യം കാരണം പൊതുജനങ്ങൾ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെട്ടിരുന്ന കാലത്ത് കിടപ്പ് രോഗികൾക്കും വയോജനങ്ങൾക്കുമായി നേരിട്ട് അവരുടെ വീട്ടിലെത്തി കോവിഡ് വാക്സിൻ ലഭ്യമാക്കുക എന്ന പരമപ്രദമായ കർത്തവ്യം നടപ്പിലാക്കുന്നതിന് കണ്ണൂർ ജില്ലാ പഞ്ചായത്ത് ആരോഗ്യവകുപ്പുമായി ചേർന്ന് 2 മൊബൈൽ വാക്സിൻ യൂണിറ്റുകൾ സജ്ജമാക്കിയിരുന്നു. വയോജനങ്ങൾക്കായി മാഹി പുഴയുടെ തീരത്ത് എം. മുകുന്ദൻ പാർക്ക് നിർമ്മിച്ചു. പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ട വയോജനങ്ങൾക്ക് വിവിധ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. ജില്ലയിലെ പ്രധാന സർക്കാർ ആശുപത്രികൾ വയോജന സൗഹാർദ്ദമാക്കുന്നതിന് സ്തുത്യർഹമായ പങ്കാണ് വഹിച്ചിട്ടുള്ളത്. കൂടാതെ 6 പകൽ പരിപാലന കേന്ദ്രങ്ങളും അവയുടെ നടത്തിപ്പിനാവശ്യമായ മറ്റു സഹായങ്ങളും ജില്ലാ പഞ്ചായത്ത് മുഖേന നടത്തി വരുന്നു.

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ
## സാമൂഹ്യ നീതി വകുപ്പ്

# വയോസേവന അവാർഡ് 2022

## തൂണേരി ബ്ലോക്ക് പഞ്ചായത്ത്

**മികച്ച ബ്ലോക്ക് പഞ്ചായത്ത്**

സംസ്ഥാനത്ത് സ്വന്തമായി ഒരു വയോജന നയം (2013) രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്ത്. 2015-16 കാലയളവിൽ വയോജന സർവ്വേ നടത്തിയത് തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ വയോജനങ്ങൾക്കിടയിലെ പ്രവർത്തന മികവിന്റെ ഭാഗമായി വിശേഷിപ്പിക്കാവുന്നതാണ്. മുതിർന്ന പൗരന്മാർക്കായി പ്രത്യേക വായനശാല, വിവിധ വിനോദോപാധികൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനോടൊപ്പം സായൂജ്യ വയോജന സഭ എന്ന സംഘടനയുമായി ചേർന്ന് വയോജനങ്ങളുടെ വിവിധ മേഖലകളിലെ പ്രശ്നങ്ങളിൽ ഇടപെട്ടു പരിഹാരം കാണാറുമുണ്ട്. 2022-23 വർഷത്തിൽ സാമൂഹിക സമഗ്ര വയോജന ക്ഷേമ പരിപാടി എന്ന നാമകരണത്തിൽ ഒരു നൂതന പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ചത് അഭിനന്ദനാർഹമായ ഒന്നാണ്. കൂടാതെ വിവിധ മെഡിക്കൽ ക്യാമ്പുകൾ, ആശുപത്രികളിൽ വയോജന വാർഡുകൾ, ബ്ലോക്ക് തല വയോജന സംഗമവും, വിവിധ കലാ മത്സരങ്ങളും ബ്ലോക്ക് തലത്തിൽ നടത്തി വരുന്നു.

SOCIAL JUSTICE DEPARTMENT
care, protection & empowerment

GOVERNMENT OF KERALA
सत्यमेव जयते

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

# വയോസേവന അവാർഡ് 2022

## മാണിക്കൽ ഗ്രാമ പഞ്ചായത്ത്

**മികച്ച ഗ്രാമ പഞ്ചായത്ത്**

നിരാശ്രയരായ വയോജനങ്ങൾക്ക് പോഷകാഹാര വിതരണം അംഗണവാടി വഴി നടപ്പിലാക്കി വരുന്നു. 'പാഥേയം' പദ്ധതിയുമായും ജനകീയ ഹോട്ടലുമായും സഹകരിച്ച് ഭക്ഷണം ആവശ്യമുള്ള വയോജനങ്ങൾക്ക് എത്തിച്ചു നൽകുന്നു. കൂടാതെ ജീവിതശൈലി രോഗങ്ങൾക്കുള്ള സൗജന്യ മരുന്ന് വിതരണം വായോസൗഹൃദ ക്ലിനിക്കുകൾ വഴി ലഭ്യമാക്കുന്നു. വയോജനങ്ങളുടെ വൈദ്യപരിശോധനയും, ചികിത്സയും ത്വരിതപ്പെടുത്തുന്നതിന് കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അതാത് മേഖലയിൽ വിദഗ്ധരായവരുടെ സേവനവും ഉറപ്പു വരുത്തുന്നു. വയോജനങ്ങളുടെ വിവരശേഖരണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മുതിർന്ന പൗരന്മാർക്ക് തിരിച്ചറിയൽ കാർഡുകളുടെ വിതരണവും നടത്തി. പഞ്ചായത്ത് തലത്തിൽ 154 വയോജന കൂട്ടായ്മകൾ പ്രവർത്തിച്ചു വരുന്നു. വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ നവീന ആശയങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ വയോജനങ്ങൾക്കായുള്ള തൊഴിൽ അവസരങ്ങൾ ആവശ്യാടിസ്ഥാനത്തിൽ കൗൺസിലിംഗ് സേവനങ്ങൾ തുടങ്ങിയവ ഈ കൂട്ടായ്മയിലൂടെ സംഘടിപ്പിക്കുന്നു.

കേരള സർക്കാർ

സാമൂഹ്യ നീതി വകുപ്പ്

SOCIAL JUSTICE DEPARTMENT
care, protection & empowerment

# വയോസേവന അവാർഡ് 2022

## വേങ്ങര ഗ്രാമ പഞ്ചായത്ത്

### മികച്ച ഗ്രാമ പഞ്ചായത്ത്

ഗ്രാമപഞ്ചായത്ത് ഓഫീസും അനുബന്ധ സ്ഥാപനങ്ങളും (ആശുപത്രികൾ) വയോജന സൗഹൃദമാക്കി മാറ്റി. സായംപ്രഭ ഹോം പദ്ധതി വളരെ ഫലപ്രദമായി നടപ്പിലാക്കുകയും ആരോഗ്യ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയും ചെയ്തു. മുതിർന്ന പൗരന്മാർക്ക് ധാരാളം തൊഴിലവസരങ്ങൾ ലഭ്യമാക്കിയാതോടൊപ്പം പഞ്ചായത്തിലെ ഓരോ വാർഡുകളിലും വയോ അയൽക്കൂട്ടങ്ങൾ ആരംഭിച്ചു. വയോജനങ്ങൾക്കായുള്ള സാക്ഷരത പദ്ധതി വിജയകരമായി നടപ്പാക്കുകയും 180 പേർ നാലാംതരം പരീക്ഷയിലും 20 പേർ ഏഴാം ക്ലാസ് പരീക്ഷയിലും വിജയിച്ചു. വിവിധ ലൈബ്രറികളുമായും മറ്റ് സ്ഥാപനങ്ങളുമായും സഹകരിച്ച് വയോജനങ്ങളുടെ വ്യത്യസ്ത വിനോദ പരിപാടികൾ നടത്തിവരുന്നു. സായംപ്രഭ ഹോമുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വയോജനങ്ങൾക്കായി സൗജന്യ പച്ചക്കറി വിത്തുകൾ നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് കാലത്ത് പഞ്ചായത്ത് സുഖയിഷ്യം, പുനർജ്ജനി, അമൃതം എന്നീ മൂന്ന് പദ്ധതികളിലൂടെ സൗജന്യ മരുന്നുകൾ വിതരണം ചെയ്തു. പരിരക്ഷാ പദ്ധതി മുഖേന 60 വയസ്സ് കഴിഞ്ഞ കിടപ്പിലായ 277 രോഗികൾക്ക് ആവശ്യമായ പരിചരണങ്ങൾ നൽകി.

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

# വയോസേവന അവാർഡ് 2022

## മെയിന്റനൻസ് ട്രൈബ്യൂണൽ, ഒറ്റപ്പാലം

**മികച്ച മെയിന്റനൻസ് ട്രൈബ്യൂണൽ**

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒറ്റപ്പാലം മെയിന്റനൻസ് ട്രൈബ്യൂണലിൽ 7 പുനരധിവാസ പ്രവർത്തനങ്ങളും, 24 ബോധവൽക്കരണ ക്ലാസ്സുകളും, മെഡിക്കൽ ക്യാമ്പുകളും (വയോജനങ്ങളുടെ വൈദ്യപരിശോധന, സൗജന്യ മരുന്ന വിതരണം), തീർപ്പാക്കാതെ കിടക്കുന്ന മെയിന്റനൻസ് കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് 9 അദാലത്തുകളും സംഘടിപ്പിച്ചു. മെയിന്റനൻസ് ട്രൈബ്യൂണൽ മുഖേന വയോജനങ്ങൾക്കായി വിവിധ കലാമത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും വിവിധ ബോധവൽക്കരണ റാലികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ട്രൈബ്യൂണലിന്റെ ഉത്തരവ് പാലിക്കാതിരുന്ന ഒരു വ്യക്തിക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾക്ക് നൽകിയ സ്വത്ത് തിരികെ നൽകാൻ മെയിന്റനൻസ് ട്രൈബ്യൂണലിന്റെ ഇടപെടലിലൂടെ സാധിച്ചിട്ടുണ്ട്.

SOCIAL JUSTICE DEPARTMENT
care, protection & empowerment

GOVERNMENT OF KERALA
सत्यमेव जयते

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

# വയോസേവന അവാർഡ് 2022

## ഗവൺമെന്റ് വൃദ്ധസദനം, കൊല്ലം

**മികച്ച സർക്കാർ വൃദ്ധസദനം**

1997-ൽ പ്രവർത്തനം ആരംഭിച്ച കൊല്ലം ഗവൺമെന്റ് വൃദ്ധസദനം താമസക്കാർക്കായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം, HLFPPT-യുടെ ഫണ്ട് വിനിയോഗിച്ച് താമസക്കാർക്കായി നേത്ര പരിശോധന ക്യാമ്പുകൾ സംഘടിപ്പിക്കുകയും കണ്ണടകൾ വിതരണം ചെയ്യുകയും ചെയ്തു വരുന്നു. താമസക്കാരുടെ അനായാസ ഉപയോഗത്തിനായി സ്ഥാപനങ്ങളിൽ നെയിം ബോർഡുകൾ സ്ഥാപിച്ച പ്രവർത്തനം അഭിനന്ദനീയമാണ്. കൂടാതെ വിവിധ സ്ഥാപനങ്ങളുമായുള്ള സഹകരണവും പൊതുജന സംഭാവനകളും ഉപയോഗിച്ച് താമസക്കാരോടൊപ്പം വിശേഷ ദിവസങ്ങൾ ആഘോഷിച്ചു വരുന്നു. HLFPPT-യുടെ ഫണ്ട് വിനിയോഗിച്ച് താമസക്കാർക്കായി വിവിധ വിനോദ പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം വിവിധ സ്കൂൾ, കോളേജ്, എൻ.എസ്.എസ്, എൻ.സി.സി, വിദ്യാർത്ഥികൾക്ക് സ്ഥാപനം സന്ദർശിക്കുവാനുള്ള അവസരമൊരുക്കുകയും അതിലൂടെ താമസക്കാർക്ക് മാനസികമായ സന്തോഷം ഉറപ്പാക്കുകയും ചെയ്തു വരുന്നു. സാമൂഹ്യപ്രവർത്തകരെ ഉപയോഗിച്ച് താമസക്കാർക്ക് കൗൺസിലിംഗ് സേവനം ലഭ്യമാക്കിയിട്ടുണ്ട്.

SOCIAL JUSTICE DEPARTMENT
care, protection & empowerment

GOVERNMENT OF KERALA
सत्यमेव जयते

# കേരള സർക്കാർ
# സാമൂഹ്യ നീതി വകുപ്പ്

# വയോസേവന അവാർഡ് 2022

## മികച്ച സന്നദ്ധ സംഘടന

## ഗാന്ധി ഭവൻ ഇന്റർനാഷണൽ ട്രസ്റ്റ്, കൊല്ലം

പല ജില്ലകളിലായി പത്തോളം വൃദ്ധ സദനങ്ങൾ സ്ഥാപനത്തിന് കീഴിൽ പ്രവർത്തിക്കുന്നതോടൊപ്പം കൊല്ലം ജില്ലയിൽ മാത്രം 2 സാന്ത്വന പരിചരണ കേന്ദ്രങ്ങളും ഫിസിയോതെറാപ്പി യൂണിറ്റുകളും പ്രവർത്തിക്കുന്നു. വിദഗ്ധരായ ഡോക്ടർമാരുടെയും നേഴ്സ്മാരുടെയും സേവനങ്ങളും 24x7 രീതിയിൽ ലഭ്യമാക്കുന്നു. മൊബൈൽ മെഡിക്കൽ കെയർ യുണിറ്റ് സേവനങ്ങൾ സ്ഥാപനത്തിന്റെ സമീപ പ്രദേശത്ത് താമസിക്കുന്ന കിടപ്പ് രോഗികൾക്കായും പ്രയോജനപ്പെടുത്തുന്നു. KeLSA യുമായി സഹകരിച്ച് നിയമ സഹായങ്ങൾ അർഹരായ താമസക്കാർക്കും മറ്റു വ്യക്തികൾക്കും ലഭ്യമാക്കുന്നു (നീതി ഭവൻ) ഇതിനായി കൃത്യമായ ഇടവേളകളിൽ വിവിധ അദാലത്തുകൾ സംഘടിപ്പിക്കുന്നു. സാക്ഷരത മിഷനുമായി സഹകരിച്ച് വയോജനങ്ങൾക്കായി തുല്യതാ പരീക്ഷകളും സംഘടിപ്പിക്കുന്നു. വയോജനങ്ങൾക്കായുള്ള കലാ സാംസ്കാരിക കേന്ദ്രമായി പ്രവർത്തിക്കുന്നതോടൊപ്പം സമൂഹത്തിലെ അർഹരായ വയോജനങ്ങൾക്ക് പ്രതിമാസ പെൻഷനും, ഭക്ഷ്യ കിറ്റും ലഭ്യമാക്കുന്നു. വയോജനങ്ങളുടെ മാനസികോല്ലാസം ലക്ഷ്യമിട്ട് കൃഷി, കന്നുകാലി വളർത്തൽ തുടങ്ങിയവ സ്ഥാപനത്തിൽ നടപ്പിലാക്കുന്നു. 2019-ലെ കേന്ദ്രസർക്കാരിന്റെ വയോശ്രേഷ്ഠ സമ്മാൻ പുരസ്കാരം ലഭിച്ചിട്ടുണ്ട്.